പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1211

08.02.2013-ൽ മറുപടി നൽകേണ്ടത്

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഭൂരഹിതരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ കഴിഞ്ഞിട്ടുണ്ടോ ; | (എ) ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന കഴിഞ്ഞ് 2,33,232 കുടുംബങ്ങളെയാണ് അർഹരായി കണ്ടെത്തി 15.08.2012 – ൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ഭൂരഹിതരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും 3 സെന്റ് ഭൂമി വീതം നൽകുന്നതിന് ആവശ്യമായ ഭൂമിയുടെ ലഭ്യത ജില്ലാതലത്തിൽ പരിശോധിച്ചുവരികയാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതെ വന്നവർക്ക് കൂടി അപേക്ഷ സമർപ്പിക്കുവാനുള്ള സമയപരിധി 15.02.2013 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകുന്നതിന് എത്ര ഹെക്ടർ ഭൂമി വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (ബി) നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവരെയും 15.02.2013 വരെ അപേക്ഷിക്കുന്നവരുടെയും അർഹത സൂക്ഷ്മതയോടെ തിട്ടപ്പെടുത്തിയാൽ മാത്രമേ ആവശ്യമായ ഭൂമിയുടെ അളവ് കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) ഇതിന് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെ യെല്ലാം; എത്ര ഹെക്ടർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (സി) വിശദമായ പരിശോധനയും സർവ്വേ പ്രവർത്തനങ്ങളും പൂർത്തിയായാൽ മാത്രമേ ഇതിന് ഉപയോഗപ്പെടുത്താവുന്ന ഭൂമിയുടെ കൃത്യമായ അളവ് വ്യക്തമാകുകയുള്ളൂ. ഭൂരഹിത കുടുംബങ്ങളായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും 3 സെന്റ് ഭൂമി വീതം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനുള്ള നടപടികൾ നടന്നുവരുന്നു. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ ഭൂമി എങ്ങിനെ കണ്ടെത്താമെന്നാണ് കരുതുന്നത്? | (ഡി) പരമാവധി സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികളാണ് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ